(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എടുക്കേണ്ട ശതമാനത്തിൽ പ്രമോഷൻ നല്കി നിയമിച്ചുവെന്ന ആരോപണം ശരിയാണോയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതുസംബന്ധിച്ച് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ എന്തെങ്കിലും നിവേദനം ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ജി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(എച്ച്) ഇവർക്ക് വീണ്ടും കെ.എസ്.ഇ.ബി.-യിൽ നിയമനം നല്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 40 ശതമാനം.

(സി) വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്ന പുനഃക്രമീകരണത്തിന്റെ ഭാഗമായി സിവിൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിലായിട്ടാണ് നിയമനം നടത്താനിരുന്നത്.

(ഡി&ഇ) പരിശോധിച്ചു വരുന്നു.

(എഫ്) നിവേദനം നല്കിയിട്ടുണ്ട്.

(ജി) നിവേദനം പരിശോധിച്ചുവരുന്നു.

(എച്ച്) ഒഴിവുകളുടെ ലഭ്യതയും ഒഴിവുകൾ നികത്തേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് മാത്രമേ ഇവയ്ക്ക് നിയമനം നല്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

ഡി.സി.ആർ.ജി. തടഞ്ഞു വച്ച നടപടി

138 (3940) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ൽ പുനലൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കെ റിട്ടയർ ചെയ്ത ശ്രീ. കുര്യൻ ജോർജിന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും 20,000 രൂപ തടഞ്ഞു വച്ചിട്ടുള്ളതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ;

(ബി) ബോർഡിലെ ചില ഉന്നത ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. കുര്യൻ ജോർജ് കോടതിയിൽ കേസ് ഫയൽ ചെയ്തതിനാലാണ് ഇപ്രകാരം ഡി.സി.ആർ.ജി. തുക തടഞ്ഞു വച്ചിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തുക തടഞ്ഞു വച്ചതിനെതിരെ ശ്രീ. കുര്യൻ ജോർജ് ബഹുമാനപ്പെട്ട കേരളാ ലോകായുക്തയിൽ കേസ് ഫയൽ ചെയ്തിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കേസിന്മേൽ ബഹുമാനപ്പെട്ട ലോകായുക്തിന്റെ വിധി എന്തായിരുന്നു ; വിധി നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ബഹുമാനപ്പെട്ട ലോകായുക്തയുടെ ഉത്തരവ് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ ?

ഉത്തരം

(എ) ശ്രീ. കുര്യൻ ജോർജിനെതിരെ ഡിപ്പാർട്ട്മെന്റുതല അന്വേഷണം നടക്കുന്നതിനാലാണ് അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. തുകയിൽ നിന്നും 20,000 രൂപ തടഞ്ഞുവച്ചിരുന്നത്.

(ബി) ശ്രീ. കുര്യൻ ജോർജ് ആരുടെയെങ്കിലും പേരിൽ കേസ് ഫയൽ ചെയ്തതു കൊണ്ടല്ല അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. തുക തടഞ്ഞുവച്ചിട്ടുള്ളത്.

(സി) കേസ് ഫയൽ ചെയ്തിരുന്നു.

(ഡി) തടഞ്ഞു വച്ചിട്ടുള്ള 20,000 രൂപ പരാതിക്കാരന് നല്കുവാനായിരുന്നു ബഹുമാനപ്പെട്ട ലോകായുക്ത വിധിച്ചത്. എന്നാൽ ശ്രീ. കുര്യൻ ജോർജ്, അദ്ദേഹത്തിനെതിരെയുള്ള ഡിപ്പാർട്ട്മെന്റൽ അന്വേഷണം പൂർത്തീകരിക്കാൻ സാധിക്കാത്ത തരത്തിൽ ഒരു സിവിൽ കേസ് ഫയൽ ചെയ്ത് അതിന്മേൽ ഒരു നിരോധന ഉത്തരവ് വാങ്ങിയിട്ടുണ്ട്. ഇക്കാരണം കൊണ്ട് ബഹുമാനപ്പെട്ട ലോകായുക്തയുടെ 18-3-2002-ലെ വിധി നടപ്പിലാക്കാതെ അതിനെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുവാൻ ബോർഡ് തീരുമാനിക്കുകയും സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ. കുര്യൻ ജോർജ് 18-3-2002-ലെ ലോകായുക്തയുടെ ഉത്തരവ് നടപ്പിലാക്കാൻ വേണ്ടി വീണ്ടും ലോകായുക്തയെ സമീപിക്കുകയും ബഹുമാനപ്പെട്ട ലോകായുക്ത ഉത്തരവ് നടപ്പിലാക്കുവാൻ 11-3-2003-ന് സർക്കാരിന് നല്കിയ നിർദ്ദേശം അനുസരിച്ച് സർക്കാർ നിർദ്ദേശം നല്കുകയും അതിൻപ്രകാരം പരാതിക്കാരന് തടഞ്ഞുവച്ചിരുന്ന ഗ്രാറ്റുവിറ്റി തുക നല്കാൻ ബോർഡ് ഉത്തരവായിട്ടുമുണ്ട്.

(ഇ) ഉത്തരവ് നടപ്പിലാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ്

139 (3941) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പി. എസ്. സി. വഴി നേരിട്ട് നിയമിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഒഴിവുകളുടെ എത്ര ശതമാനമാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly